കടികിടപ്പൊഴിപ്പിക്കൽ നിരോധനച്ചട്ടങ്ങൾ.

* 468. [56] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടികിടപ്പൊഴിപ്പിക്കൽ നിരോധനആക്ട് അനുസരിച്ച് ഗവണ്മെൻറുണ്ടാക്കിയ ചട്ടങ്ങൾ കുടികിടപ്പുകാർക്ക് ഭോഹകരവും, ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമാണെന്ന് തിരുവിതാംകൂർ–കൊച്ചി കർഷക സംഘം അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതു് ഗവണ്മെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) നിർദ്ധനരായ കുടികിടപ്പുകാർക്ക് കുടിയിരുപ്പിൽ സ്ഥിരാവകാശം കിട്ടുന്നതിലേക്ക് തഹശീൽദാർ, കളക്ടർ, റവന്യൂബോർഡ് എന്നീ വിവിധ ഉദ്യോഗസ്ഥരുടെ സമക്ഷത്തിലും, അതിനുപരി മന്ത്രി സവിധത്തിലും അപ്പീൽവാദം, താരതമ്യേന കൂടുതൽ പണമുള്ള ജന്മവർഗ്ഗക്കെതിരായി നടത്തുവാൻ ധനശേഷിയോ, മറ്റ് അനുകൂലസാഹചര്യങ്ങളോ ഇല്ലെന്നുള്ള യാഥാർത്ഥ്യം ഗവണ്മെൻറ് ധരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ചട്ടങ്ങൾ പുനഃപരിശോധനചെയ്ത് ലഘൂകരിക്കാൻ ഗവണ്മെൻറ് ഗൗനിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) അങ്ങനെ ഒരു അഭിപ്രായം ഗവണ്മെൻറിനു് കിട്ടിയിട്ടില്ല.

(ബി) അപ്പീൽ ബോധിപ്പിക്കുന്നതിനു് ധനശേഷിയോ, മറ്റ് സാഹചര്യങ്ങളോ നോക്കേണ്ടതില്ല.

(സി) അതിന്റെ ആവശ്യകത ഉണ്ടെന്നു തോന്നുന്നില്ല.

സഹകരണ കാൺഫറൻസിലെ പ്രമേയങ്ങൾ.

* 469. [59] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല വച്ച് 1955 മേയ് മാസത്തിൽ നടന്ന സംസ്ഥാന സഹകരണ കാൺഫറൻസിലെ പ്രമേയങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടുണ്ടോ ;

(ബി) ടി പ്രമേയങ്ങൾ നടപ്പിൽ വരുത്താൻ എന്തു് നടപടി നടത്തിയിട്ടുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) സംസ്ഥാന സഹകരണ കാൺഫറൻസിലെ പ്രമേയങ്ങൾ ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രമേയങ്ങൾ ഓരോന്നും ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly